# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 13

# വാർത്താക്കുറിപ്പ്

---

## ദുരിത ബാധിതർക്ക് കൈത്താങ്ങാകാൻ

## മഹാത്മാ ഗാന്ധി സർവകലാശാലയും

പ്രളയദുരിതം അനുഭവിക്കുന്നവർക്ക് കൈത്താങ്ങായി മഹാത്മാ ഗാന്ധി സർവകലാശാലയും. പ്രളയബാധിതർക്ക് ആവശ്യമായ വസ്തുങ്ങളടക്കം ശേഖരിച്ച് നൽകുന്നതിനായി സർവകലാശാലയിൽ കളക്ഷൻ സെന്റർ ആരംഭിച്ചു. സർവകലാശാലയിലെ എട്ടുകെട്ടിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനിലാണ് കളക്ഷൻ സെന്റർ പ്രവർത്തിക്കുന്നത്. സർവകലാശാല എൻ.എസ്.എസ്. വിഭാഗത്തിനാണ് ഏകോപന ചുമതല. ദുരിതബാധിതർക്ക് ആവശ്യമായ സഹായം നൽകാൻ എല്ലാവരും മുന്നോട്ടുവരണമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അഭ്യർഥിച്ചു.

സർവകലാശാലയിലെ കളക്ഷൻ സെന്ററിന് പുറമെ കോട്ടയം, എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല ശേഖരണ കേന്ദ്രങ്ങൾ ഇന്നുമുതൽ (ഓഗസ്റ്റ് 14) പ്രവർത്തനം തുടങ്ങും. കോട്ടയം ജില്ലയിൽ ബസേലിയസ് കോളേജ് (മേരി ബെഞ്ചമിൻ - 97444575932), എറണാകുളത്ത് തേവര എസ്.എച്ച്. കോളേജ് (ഡോ. രമ്യ രാമചന്ദ്രൻ - 9446035607), ഇടുക്കിയിൽ മൂലമറ്റം സെന്റ് ജോസഫ്സ് കോളേജ് (ക്രൂപാ ജോസ് - 8848935165), പത്തനംതിട്ടയിൽ കാതോലിക്കേറ്റ് കോളേജ് (എസ്. സജിത് ബാബു - 8075689951) എന്നിവിടങ്ങളിലാണ് ശേഖരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുക.

ജില്ലാതല ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യുവിനെ (9447384743) ചുമതലപ്പെടുത്തിയതായി രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ പറഞ്ഞു. വിവിധ കോളേജുകളിൽ എൻ.എസ്.എസ്. യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളും ദുരിതബാധിതർക്കുള്ള അവശ്യസാധനങ്ങളുടെ ശേഖരണവും നടക്കുന്നുണ്ട്.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിൽ ആരംഭിച്ച കളക്ഷൻ സെന്ററിൽ ദുരിതബാധിതർക്കായി ശേഖരിച്ച അവശ്യ സാധനങ്ങൾ ജീവനക്കാർ പായ്ക്ക് ചെയ്യുന്നു**

(പി.ആർ.ഒ./39/1513/2019)

## പരീക്ഷ തീയതി

മൂന്നും നാലും സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി/2017ന് മുമ്പുള്ള അഡ്മിഷൻ പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം സെപ്തംബർ 16 നും സെപ്തംബർ നാലിനും ആരംഭിക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1514/2019)

## വൈവാവോസി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) ജനുവരി 2019 പരീക്ഷയുടെ ഇംഗ്ലീഷ് കോമൺ വൈവാവോസി പരീക്ഷ 2019 ഓഗസ്റ്റ് 19ന്

സിൽവർ ജൂബിലി പരീക്ഷഭവനിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ. ഫോൺ: 9846255574.

(പി.ആർ.ഒ./39/1515/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ (പി.ജി.സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1516/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1517/2019)

2018 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എ. മോഡൽ 1, 2, 3 (സി.ബി.സി.എസ്.-2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1518/2019)

2018 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എസ്.ഡബ്ല്യു, ബി.ടി.ടി.എം., ബി.എഫ്.ടി. (സി.ബി.സി.എസ്. - മോഡൽ 3 - 2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1519/2019)

2018 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്‌സി. സി.ബി.സി.എസ്. (മോഡൽ 1, 2, 3 - 2017 അഡ്മിഷൻ റഗുലർ), സി.ബി.സി.എസ്.എസ്. മോഡൽ 3 സൈബർ ഫോറൻസിക് (2017 അഡ്മിഷൻ) റഗുലർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1520/2019)

## എൻ.എസ്.എസ്. നേതൃത്വ പരിശീലന ക്യാമ്പ് മാറ്റിവച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ എൻ.എസ്.എസ്. വോളണ്ടിയർ സെക്രട്ടറിമാർക്കായി ഓഗസ്റ്റ് 16 മുതൽ നടത്താനിരുന്ന ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് ഓഗസ്റ്റ് 31ലേക്ക് മാറ്റി. ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ ഒന്നുവരെ മണർകാട് സെന്റ് മേരീസ് കോളേജിലാണ് ക്യാമ്പ്.

(പി.ആർ.ഒ./39/1521/2019)

## എം.ജി.യിൽ സ്വാതന്ത്ര്യദിനാഘോഷം

രാജ്യത്തിന്റെ എഴുപത്തിമൂന്നാമത് സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിക്കാൻ മഹാത്മാ ഗാന്ധി സർവകലാശാല ഒരുങ്ങി. ഓഗസ്റ്റ് 15ന് രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ദേശീയ പതാക ഉയർത്തും. തുടർന്ന് സുരക്ഷ ജീവനക്കാരുടെ പരേഡിന് അഭിവാദ്യം സ്വീകരിച്ച് സ്വാതന്ത്ര്യദിന സന്ദേശം നൽകും.

(പി.ആർ.ഒ./39/1522/2019)

## യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ്. പരീക്ഷ പരിശീലനം

മാനവിക വിഷയങ്ങൾക്കുള്ള യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിനുള്ള പരിശീലനം മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/1523/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ